ഒരു കൗദാശിക മാനവികത

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ശാരീരിക വളർച്ച എന്നതുപോലെ മനസ്സിന് ഉണ്ടാകുന്ന വ്യതിയാനങ്ങൾ വേണ്ടതുപോലെ തിരിച്ചറിയുക എന്നത് ബുദ്ധിമുട്ടുള്ള സംഗതി തന്നെയാണ്. ശരീരം അതിലെ പഴയ കോശങ്ങളെ നിർമുക്തമാക്കിക്കൊണ്ട് പുതിയവയെ രൂപപ്പെടുത്തുന്നതുപോലെ തന്നെ മനസ് അതിലെ ചിന്തകളെയും ആശയങ്ങളെയും നിർമ്മാർജനം ചെയ്ത് പുതിയവയെ രൂപപ്പെടുത്തുന്നു. ബാലാവസ്ഥയിൽ നിന്നു കൗമാരത്തിലേക്കു കടക്കുമ്പോഴും മദ്ധ്യവയസു കാലത്തും സംഭവിക്കുന്നവയെ ഒഴിവാക്കിയാൽ അധികം നാടകീയ മാറ്റങ്ങളൊന്നും സാധാരണഗതിയിൽ സംഭവിക്കുന്നില്ല താനും.

വേദശാസ്ത്രപരമായി നോക്കുമ്പോൾ കഴിഞ്ഞ ഒരു ദശകക്കാലം കൊണ്ട് ഞാൻ എന്റെ ബാലാവസ്ഥയിൽ നിന്ന് സംഘർഷഭരിതമായ, പ്രശ്നനിർഭരമായ കൗമാരത്തിലേക്ക് കടക്കുകയാണെന്ന് കരുതേണ്ടിയിരിക്കുന്നു. വേദശാസ്ത്രം പ്രസംഗിക്കുവാൻ എനിക്ക് അത്ര താല്പര്യമാണെന്നൊന്നും കരുതരുത്. ബാലാവസ്ഥയിൽ നിന്നുള്ള എന്റെ മോചനം, അതായത് പാശ്ചാത്യ സംഹിതകളിൽ നിന്നുള്ള എന്റെ വിടുതൽ, എനിക്കു പകർന്നുതന്ന ഏറ്റവും വലിയ പാഠമാണ് മൗനത്തിലൂടെയുള്ള ജ്ഞാനം. അതുവഴി വിഡ്ഢിത്തമെന്ന അപശ്രുതിയിലേക്കുള്ള സംഭാവനകൾ ഗണ്യമായി കുറയുകയും ചെയ്യുന്നു.

1. അഗസ്റ്റീനിയനിസം

ഒരു കൗമാരക്കാരന്റെ സ്വത്വം തിരിച്ചറിയുവാൻ പിതൃസമാനമായ ഒരു വ്യക്തിത്വത്തിന്റെ സാന്നിധ്യം എപ്പോഴും സഹായകരമാണല്ലോ. വിശേഷിച്ചും, ആ വ്യക്തിത്വം ഒരുവന്റെ മറുതലിപ്പിന് വീരപരിവേഷം പകരുവാൻ തക്കവണ്ണം ശക്തമായ മേധാവിത്വപ്രകൃതം സ്വായത്തമാക്കിയിട്ടുണ്ടെങ്കിൽ. എന്നെ സംബന്ധിച്ചിടത്തോളം ഹിപ്പോയിലെ അഗസ്റ്റിൻ അത്തരം ഒരു വ്യക്തിത്വമായിരുന്നു. 1959-60 കാലത്താണ് പാശ്ചാത്യ വേദശാസ്ത്രത്തിന്റെ സൃഷ്ടിപരതയുടെ സ്രോതസ്സും ഭാവവും ഇദ്ദേഹമായിരുന്നുവെന്ന് മനസ്സിലായത്; ഈ സ്രോതസ്സ് വിഷമയമാണെന്ന് കണ്ടെത്തുവാനും വൈകിയില്ല. ഇതിനകംതന്നെ അഗസ്റ്റിനെ ഒരു വിശുദ്ധൻ എന്ന നിലയിൽ കാണേണ്ട കാര്യമൊന്നുമില്ലെന്ന് ഒരു പൗരസ്ത്യ ക്രൈസ്തവൻ എന്ന എന്റെ പാരമ്പര്യമനുസരിച്ച്, വ്യക്തമായി ഞാൻ തിരിച്ചറിഞ്ഞിരുന്നു. നമ്മുടെ ആരാധനാ കലണ്ടറിലോ

വേദശാസ്ത്ര പ്രസിദ്ധീകരണങ്ങളിലോ ഈയൊരു പേര് കാണാനേയില്ല. പൗരസ്ത്യ പാരമ്പര്യം ബുദ്ധിപൂർവ്വം തന്നെയാണ് ഇദ്ദേഹത്തെ ഒഴിവാക്കിയത്; അതിൽ യാതൊരു നഷ്ടബോധവും തോന്നിയിട്ടേയില്ല. പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനും അവയെപ്പറ്റി ചിന്തിക്കുവാനും അഗസ്റ്റിനെപ്പോലെയുള്ള പാശ്ചാത്യ ചിന്തകർക്കു മാത്രമേ സാധ്യമാവുകയുള്ളുവെന്ന് ഓക്സ്ഫഡിലെ എന്റെ അദ്ധ്യാപകൻ നിർബന്ധം പിടിക്കുമ്പോൾ എന്ത് ചെയ്യുവാൻ സാധിക്കും? അവിടെ എന്റെ ശക്തമായ പ്രതിഷേധങ്ങൾക്കു വഴിതുറന്നത് പൗരസ്ത്യ ചിന്താഗതികളെ അപഗ്രഥിക്കുന്നതിൽ കഴിവില്ലാതിരുന്ന പ്രശസ്തനായ എന്റെ പ്രൊഫസറുടെ അഗസ്റ്റീനിയനിസത്തോടുള്ള അമിതമായ പ്രതിപത്തിയും മറ്റുള്ളവരുടെ സിദ്ധാന്തങ്ങളെ വിലയിരുത്തുവാൻ ഇദ്ദേഹത്തെ മാനദണ്ഡമാക്കണമെന്ന പിടിവാശിയുമായിരുന്നു (ഇവിടെ ഞാൻ ചൂണ്ടിക്കാണിക്കുന്നത് ജെ. എൻ. ഡി. കെല്ലി എന്ന ദേഹത്തെയാണ്; അദ്ദേഹത്തിന്റെ Early Christian Doctrines എന്ന പ്രബന്ധം തന്റെ വേദശാസ്ത്ര കാഴ്ചപ്പാടുകൾ വിശദമാക്കുന്നു).

തികച്ചും ഗൗരവബോധത്തോടെ ഞാൻ പറയട്ടെ, പാശ്ചാത്യ വേദശാസ്ത്രത്തിന് ഒരു തിരിച്ചുവരവ് സാധ്യമാകണമെങ്കിൽ അഗസ്റ്റിന്റെ അടിസ്ഥാന ആശയങ്ങൾ ഒരു പുനർ വായനയ്ക്ക് വിധേയമാക്കിയേ മതിയാകൂ. വിശദമായ ഒരു വിമർശനത്തിന് ഉചിതമായ നല്ല അവസരമാണിതെന്ന് തോന്നുന്നില്ല. എങ്കിലും പുനർ വായനയ്ക്ക് പരിഗണിക്കപ്പെടാവുന്ന അഞ്ചു മേഖലകൾ, അഗസ്റ്റിന്റെ ചിന്തകളിലെ അടിസ്ഥാന പോരായ്മകൾ തിരിച്ചറിയാൻ സഹായകരമായ അഞ്ചു മേഖലകൾ ചൂണ്ടിക്കാണിക്കുകയാണ്.

ഒന്നാമത്, അഗസ്റ്റിൻ പദാർത്ഥമായവയെ വളരെ താഴ്ന്ന തലത്തിൽ കാണുന്നതിനാൽ കർത്താവിന്റെ മർത്യീകരണത്തെയും താഴ്ന്ന നിലയിൽ മാത്രമാണ് കണ്ടിരുന്നത് എന്ന് നാം മനസ്സിലാക്കണം. ആദിമസഭയിലെ അത്താനാസിയോസിൽ നിന്നുള്ള ആശയങ്ങളുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ മെത്രാപ്പോലീത്തായുടെ ചിന്തകൾ മർത്യീകരണം ചെയ്ത ശരീരം പ്രാഥമികമായും നമ്മളെ ഉന്നതമായ ആത്മീയ യാഥാർത്ഥ്യങ്ങളോടു ചേർന്ന്, ധ്യാനത്തിൽ മുഴുകുവാൻ തക്കവണ്ണം പ്രചോദിപ്പിക്കുന്നതാണ്. നമ്മുടെ കർത്താവിന്റെ പദാർത്ഥമയ ശരീരം വെളിപാടുകൾക്ക് ഒരു മുഖാന്തിരമായി മനസ്സിലാക്കേണ്ടതുമാണ്.

രണ്ടാമത്, അതേ തരത്തിലുള്ള അപക്വ ചിന്തകളുടെ തത്ഭവമായ മാണിക്കേയനിസം പദാർത്ഥത്തെ താഴ്ന്ന തലത്തിലായിരുന്നു കണക്കാക്കിയിരുന്നത്. ഇതിന്റെ സ്വാധീനത്തിലായിരുന്ന അഗസ്റ്റിൻ സ്വാഭാവി

കമായും ലോകത്തെ താഴ്ന്ന തലത്തിൽ മാത്രം കണ്ടു. അദ്ദേഹത്തിന്റെ ചിന്താസരണിയിലെ ദൈവത്തിന്റെ പട്ടണവും ലോകത്തിന്റെ പട്ടണവും തമ്മിലുള്ള ധ്രുവീകരണം തീർച്ചയായും അപകടകരം എന്ന് തന്നെ പറയേണ്ടി വരുന്നു. ഈയൊരു അടിസ്ഥാനപരമായ തെറ്റിൽ കൂടെ ഏറെ ദൂഷ്യഫലങ്ങൾക്കു വശംവദയായ പാശ്ചാത്യ വേദശാസ്ത്രം ഇപ്പോഴും ഇതിൽ നിന്നു മോചനം നേടുവാനുള്ള ഉദ്യമത്തിലാണ്.

മൂന്നാമത്, മർത്യീകരണത്തിൽ മാനുഷിക ഘടകത്തെ അദ്ദേഹം താഴ്ന്ന തലത്തിൽ മാത്രം കാണുന്നതിനാൽ മനുഷ്യനെക്കുറിച്ചുള്ള ആഗസ്റ്റിന്റെ കാഴ്ചപ്പാടും താഴ്ന്ന തലത്തിൽ മാത്രമാണ്. പാപം മനുഷ്യ പ്രകൃതത്തിന്റെ ഏതാണ്ടൊരു അവിഭാജ്യ ഘടകം തന്നെയാണെന്നുള്ള അദ്ദേഹത്തിന്റെ നിഗമനം പാശ്ചാത്യ സഭയെ കൊണ്ടുചെന്നെത്തിച്ചത് ഒരു ഊരാക്കുടുക്കിൽ തന്നെയാണ്; സകല മനുഷ്യരുടെയും, ക്രൈസ്തവരുടെയും അക്രൈസ്തവരുടെയും, സ്വാതന്ത്ര്യവും ആത്മാഭിമാനവും നിഷേധിക്കുന്ന ഒരു അവസ്ഥയിലാണ് അത് പരിണമിച്ചത്. അദ്ദേഹം മനുഷ്യനെ അങ്ങേയറ്റം നിരാശ്രയനോ, അടിമയോ ഒക്കെ ആയിട്ടാണ് ദൈവത്തോടു ബന്ധപ്പെടുത്തി മനസ്സിലാക്കിയത്; ദൈവത്തെ അദ്ദേഹം റോമാ സാമ്രാജ്യത്തിലെ ചക്രവർത്തിമാർക്കൊപ്പം ഒരു ഏകപക്ഷീയ സ്വേച്ഛാധിപതിയായി ചിത്രീകരിച്ച് വികലമാക്കിക്കളഞ്ഞു. അതായത് ദൈവം വെറും ഒരു നിസാരൻ, തനിക്ക് മഹത്വം ആർജ്ജിക്കണമെങ്കിൽ മനുഷ്യന്റെ മഹത്വത്തെ നശിപ്പിക്കണം. എന്നാൽ സത്യം ഇതാണ്: മനുഷ്യന്റെ മഹത്വത്തിൽ മഹത്വീകരിക്കപ്പെടുന്ന ഒരു ദൈവമാണ് ആരാധനയ്ക്ക് യോഗ്യൻ.

നാലാമത്, അഗസ്റ്റിന്റെ രക്ഷാസിദ്ധാന്തം വഴിതെറ്റിപ്പോയതിന്റെ കാരണം അദ്ദേഹത്തിന് വ്യക്തിതല പാപം, ആദ്യ പാപം, സ്വാഭാവിക പാപം എന്നിവയോടുണ്ടായ അമിതമായ മുൻതൂക്കം തന്നെ ആയിരുന്നു. രക്ഷയെന്നത് പാപത്തിൽ നിന്നുള്ള മോചനത്തിനും അപ്പുറമാണ്. അത്, മനുഷ്യനെ ദൈവസമാനമാക്കുന്ന പ്രക്രിയയാണ്. അതായത്, അവനെ മാനുഷികതയുടെ പൂർണ്ണതയിൽ ആക്കിത്തീർക്കുന്നു. എന്നാൽ ഇന്ന് നമ്മൾ എത്തിപ്പെട്ടിരിക്കുന്നത് നിഷേധാത്മകമായ ഒരു തരം വ്യക്തിതല രക്ഷാ സങ്കൽപ്പത്തിലാണ്.

അഞ്ചാമത്, കൗദാശിക പ്രമാണങ്ങൾ മനുഷ്യാവസ്ഥയുടെയും, മർത്യീകരണത്തിന്റെയും അവിഭാജ്യതയാണെന്ന് തിരിച്ചറിയുന്നതിൽ അഗസ്റ്റിൻ പരാജയപ്പെടുക തന്നെ ചെയ്തു; മനുഷ്യൻ രണ്ടു ലോകങ്ങളുടെയും പൗരത്വം ഉള്ളവനാണ്. അങ്ങനെ അഗസ്റ്റിൻ കൗദാശികതയെ വളച്ചൊടിച്ച് ആത്മീയ യാഥാർത്ഥ്യങ്ങളെ മനുഷ്യ പ്രകൃതത്തിന്റെ

സമഗ്രതയുമായി ബന്ധപ്പെടുത്തി. വചനവും കൗദാശികതയും തമ്മിലുള്ള യഥാർത്ഥ ബന്ധം തെറ്റിദ്ധരിച്ച അദ്ദേഹം പൗരോഹിത്യ ശുശ്രൂഷകളെയും തെറ്റായി വ്യാഖ്യാനിച്ചു.

വളരെ ചുരുക്കമായി മേൽ പറഞ്ഞിരിക്കുന്ന അഞ്ചു സംഗതികൾ ക്രൈസ്തവികതയെ ശരിയായി മനസിലാക്കുന്നതിന് അത്യന്താപേക്ഷിതമാണ്; എനിക്ക് സംഭവിച്ച മനംമാറ്റത്തിന് പ്രധാന ഹേതു ഞാൻ ഇവയിലേക്ക് ശ്രദ്ധയൂന്നിയതുകൊണ്ടു തന്നെയാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യ സഭകളും പാശ്ചാത്യ സഭകളും തമ്മിൽ എന്തെങ്കിലും സംവാദങ്ങൾ നടത്തുന്നുവെങ്കിൽ അവ ആരംഭിക്കേണ്ടത് ഈ അഞ്ച് കാര്യങ്ങൾ ആധാരമാക്കി വേണം. ക്രിസ്തുമതം ഒരു പൗരസ്ത്യ മതമായതിനാൽ അഗസ്റ്റിൻ നിസ്സാരവൽക്കരിച്ച ഈ പൗരസ്ത്യ സമീപനങ്ങൾ നിരവധി സത്യങ്ങൾ ഉദ്ഘോഷിക്കുന്നവയാണ് എന്ന് മനസ്സിലാക്കുകയും വേണം.

സർവകലാവല്ലഭൻ എന്ന് കരുതപ്പെടുന്ന ഒരു പ്രൊഫസർ, ഞാൻ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുവാൻ യാതൊരു ശ്രമവും നടത്താതെ, കുറച്ചുനാളുകൾക്കു മുമ്പ് എന്നോട് ഇങ്ങനെയാണ് പറഞ്ഞത്: "അഗസ്റ്റിൻ നിങ്ങളുടെ വിമർശനങ്ങളെ അതിജീവിക്കുക തന്നെ ചെയ്യും." അഗസ്റ്റിൻ അവയെ അതിജീവിക്കും, കാരണം അതിജീവനം അദ്ദേഹം അർഹിക്കുന്നതാണ്. അദ്ദേഹം മഹാനായ ഒരു ബൗദ്ധിക പ്രതിഭയായിരുന്നു, ആത്മീയതലത്തിൽ മാത്രമല്ല, അതിനപ്പുറത്തും മാറ്റു തെളിയിച്ച മഹാനായിരുന്നു. അദ്ദേഹത്തിന്റെ സത്പേരിന് കളങ്കം വരുത്തുകയല്ല എന്റെ ഉദ്ദേശ്യം. മറിച്ച്, ഞാൻ ലക്ഷ്യമിടുന്നത് എല്ലാ സഭകൾക്കും അംഗീകരിക്കുവാൻ സാധിക്കുന്നവിധം വേദശാസ്ത്രത്തെ ഒരു പുനർവായനയ്ക്ക് വിധേയമാക്കുക എന്നതു മാത്രമാണ്. അത്തരം ഒരു പുനർവായന ഒരു തരം മതേതര നാഗരിക - സാങ്കേതികതയുടെ ഇടുങ്ങിയ അഗസ്റ്റീനിയൻ ചട്ടക്കൂട്ടിൽ ആവാതെയിരിക്കുന്നതാണ് നല്ലത്. ഞാൻ ഏറെ ആശങ്കാകുലനാകുന്നത് ക്രൈസ്തവ വിശ്വാസത്തിലെ പാശ്ചാത്യ വ്യാഖ്യാനങ്ങളുടെ അതിജീവനത്തെയാണ്.

അഗസ്റ്റീനിയനിസത്തിനെതിരെയുള്ള എന്റെ പ്രതികരണങ്ങൾ യാതൊരുവിധത്തിലും ഒരു ഉപരിപ്ലവ സ്വതന്ത്ര വേദശാസ്ത്രത്തിലേക്ക് എന്നെ കൊണ്ടെത്തിച്ചില്ല. ഇരുപതാം ശതകത്തിന്റെ ആദ്യ ദശകങ്ങളിൽ ധാരാളം വേദശാസ്ത്ര പഠിതാക്കൾ പാശ്ചാത്യനാടുകളിൽ അത്തരം നിഗമനങ്ങളിൽ വീണു പോയിട്ടുണ്ട്. ഇന്ന് ഞാൻ ആശ്രയം വയ്ക്കുന്നത് ഒരു കൗദാശിക മാനവികതയിലാണ്.

2. പദപ്രയോഗങ്ങളുടെ ശക്തി

എന്റെ മനസ്സിനുണ്ടായ രണ്ടാമത്തെ മാറ്റം പദപ്രയോഗങ്ങളുടെ ശക്തിയെക്കുറിച്ച് വളർന്നുവന്ന ഒരു അനിശ്ചിതത്വമാണ്. അച്ചടി വിദ്യയുടെ വളർച്ച കയ്യെഴുത്ത് പദപ്രയോഗങ്ങളുടെ ശക്തിയെ തളർത്തിയോ? പ്രസംഗ - നിർമ്മിതിയുടെ അതിപ്രസരം കാലക്രമേണ സംസാര ശേഷിക്ക് മങ്ങലേൽപ്പിച്ചോ?

സഭ നേരിടുന്ന ഒരു കാതലായ പ്രശ്നം തക്ക പദപ്രയോഗങ്ങളുടെ പോരായ്മയാണെന്ന് ചിലപ്പോഴൊക്കെ വേദശാസ്ത്രജ്ഞന്മാർ ചിന്തിച്ചു പോകാറുണ്ട് – ചുരുക്കത്തിൽ, പ്രസക്തമായ വേദശാസ്ത്ര രേഖകളുടെ അഭാവം. എന്നാൽ ഉചിതമായ പുത്തൻ പദപ്രയോഗങ്ങൾക്കായി ലോകം കാത്തുനിൽക്കുന്നൊന്നുമില്ല. ലോകം പ്രതീക്ഷിക്കുന്നത് ഒരു പുത്തൻ ജീവിതശൈലിയാണ്, ഒരു നവ വ്യക്തിത്വമാണ്, ഒരു ജീവിതരീതി, ഒരു ആയിത്തീരൽ, പ്രവൃത്തികൾ, ചിന്താസരണികൾ, അങ്ങനെയുള്ളവ. നമ്മുടെയൊക്കെ സ്ഥാനങ്ങളോടു ചേർന്ന ചില പക്ഷാഭേദ ചിന്തകളാണ് ഒരു പുതിയ വേദശാസ്ത്രം നമ്മുടെ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം ആയിക്കൊള്ളുമെന്ന ആശയത്തിന് പിന്നിൽ ഉള്ളത്. എന്നാൽ പ്രശ്നങ്ങൾ പരിഹരിച്ച് തരുന്നത് ദൈവം മാത്രമാണ്. ഒരു പക്ഷെ, അങ്ങനെ ഒരു നവ ക്രൈസ്തവ ജീവിതശൈലി ഉരുത്തിരിഞ്ഞു വന്നേക്കാം.

പദങ്ങളോടോ പദപ്രയോഗങ്ങളോടോ ഉള്ള ഇത്തരം തെറ്റായ വിധേയത്വം പാശ്ചാത്യദേശങ്ങളിൽ മാത്രമല്ല കണ്ടുവരുന്നത്. ഭാരതത്തിൽത്തന്നെ ഒരു തദ്ദേശീയ വേദശാസ്ത്രം രൂപപ്പെട്ടുവന്നാൽ സർവ്വ പ്രശ്നങ്ങൾക്കും പരിഹാരമായിക്കൊള്ളുമെന്ന് ആവർത്തിച്ചാവർത്തിച്ച് പ്രസംഗിക്കുന്ന ധാരാളം ആളുകൾ ഉണ്ടെങ്കിലും അത്തരമൊരു വേദശാസ്ത്രത്തിന് രൂപംകൊടുക്കുവാൻ ഇന്നേവരെ ആർക്കും സാധിച്ചിട്ടില്ല. ഭാരതീയ സാഹചര്യങ്ങൾക്കനുസൃതമായി ഒരു പുതിയ ക്രൈസ്തവ ജീവിതശൈലി പരിപാകപ്പെട്ടു വരുമ്പോൾ മാത്രമേ ഒരു നവ വേദശാസ്ത്രം രൂപപ്പെടുകയുള്ളു. അങ്ങനത്തെ ഒരു പുതിയ ജീവിതരീതി ആയിരിക്കും നവ വേദശാസ്ത്രത്തിന്റെ പ്രഭവകേന്ദ്രവും ആധികാരികതയും, അത് എവിടെയായാലും. പുതിയ തലമുറ എപ്പോഴും അന്വേഷിക്കുന്നത് ആധികാരികതയുള്ള ഒരു വ്യക്തിത്വത്തെയോ ഒരു രീതിശാസ്ത്രത്തെയോ മാത്രമാണ്, അല്ലാതെ പുതിയ പദപ്രയോഗങ്ങളെയല്ല.

ആശയവിനിമയം നടക്കുന്നത് പദപ്രയോഗങ്ങളിൽ കൂടെയാണെന്നുള്ള ചിന്തകൾ ഏറെ തെറ്റിദ്ധാരണാജനകമാണ്. ശബ്ദമാകട്ടെ, കർണപുടങ്ങളാകട്ടെ, സചേതനമായ മനസ്സാകട്ടെ വ്യക്തികൾ തമ്മിലുള്ള

ആശയ വിനിമയത്തിന് ഒരു ഭാഗിക പങ്കു മാത്രമേ വഹിക്കുന്നുള്ളു. ആശയവിനിമയത്തിലുള്ള ഭാഷാ പ്രയോഗങ്ങളിലൂടെ സംഭവിക്കുന്ന വ്യതിരക്ത ഭാവങ്ങൾ മനശാസ്ത്രജ്ഞർ പഠനവിഷയമാക്കിയിട്ടുണ്ട്. നമ്മുടെ ശരീരഭാഷ, ആംഗ്യവിക്ഷേപങ്ങൾ, മുഖഭാവങ്ങൾ എന്നിവ യൊക്കെ ആശയ സംവേദനങ്ങളുടെ ഭാഗം തന്നെയാണ്.

ചുരുക്കിപ്പറഞ്ഞാൽ ആയിരിക്കുന്ന അവസ്ഥയും അതോടു ചേർ ന്നുള്ള പ്രവൃത്തികളും വാചിക സംവേദനങ്ങളേക്കാൾ പ്രാധാന്യമർഹി ക്കുന്നവയാണ്. ആ ഒരു വിശ്വാസം തന്നെ സാമാന്യമായ അളവിൽ വേദ ശാസ്ത്രത്തെ വില കുറച്ചു കാണിക്കുന്നുവെന്ന് ആർക്കും മനസ്സിലാകു ന്നതുമാണ്.

3 ഘടനാപര ബന്ധങ്ങളും വ്യക്തിപര ബന്ധങ്ങളും

കഴിഞ്ഞ പത്തു വർഷങ്ങൾ കൊണ്ട് എനിക്കു മനംമാറ്റം വന്ന മറ്റൊരു മേഖല ഘടനാപര ബന്ധങ്ങളും വ്യക്തിപര ബന്ധങ്ങളും തമ്മിൽ പ്രകടമാകുന്ന വൈരുദ്ധ്യാത്മകതയാണ്. സമൂഹത്തിന്റെ വിശാ ലമായ ചട്ടക്കൂട് വ്യക്തിത്വത്തെ കാര്യമായ തോതിൽ എങ്ങനെ ബാധി ക്കുന്നു എന്ന് ശരിയായി കാണുവാൻ എനിക്ക് സാധിച്ചിട്ടില്ല. അതേ സമയം വിവിധ ദേശീയതയിലും മതവിഭാഗങ്ങളിലുംപെട്ട ആളുകളുടെ മുഖഭാവങ്ങൾ ശ്രദ്ധിക്കുക വഴി ഘടനാപര മൂല്യങ്ങളും ദേശീയ ധാർമ്മി കതയും ഒരുവന്റെ മുഖഭാവങ്ങൾക്കു മാറ്റം വരുത്താമെന്നും അത്തരം മുഖഭാവ മാറ്റങ്ങൾ വ്യക്തിത്വത്തിൽ സംഭവിച്ച വ്യതിയാനത്തിന്റെ തത്ഭവമാണെന്നും മനസ്സിലാക്കുവാൻ സാധിച്ചു. എന്റെ തന്നെ രാജ്യ ത്തുള്ളവർ അഞ്ചോ ആറോ വർഷം വിദേശരാജ്യങ്ങളിൽ പഠനം നടത്തി യശേഷം അവരിൽ പ്രകടമായ ഭാവമാറ്റങ്ങൾ എന്റെ മേൽസൂചിപ്പിച്ച നിഗമനങ്ങൾക്ക് അടിവരയിട്ടു. ഓരോ രാജ്യവും വ്യതിരക്തമായ വ്യക്തി ത്വങ്ങളാണ് രൂപപ്പെടുത്തുന്നതെന്ന് ഞാൻ മനസ്സിലാക്കി. നാം ഭാഗഭാ ക്കാകുന്ന ഏതൊരു സ്ഥാപനം പോലും ഈദൃശ വ്യതിയാനങ്ങൾക്ക് കാരണഭൂതമാകുന്നുണ്ട്.

എന്നാൽ കൂടുതൽ പ്രാധാന്യത്തോടെ ഞാൻ കണ്ടത് 'മദ്ധ്യതല' ത്തെയാണ്. അതായത് ദേശീയതലത്തിൽ എന്നവണ്ണമുള്ള ബൃഹത്തായ ഘടനാപര ബന്ധങ്ങളും ഏറ്റവും സൂക്ഷ്മമായ വ്യക്തിപരബന്ധങ്ങളും (ഉദാഹരണത്തിന് കുടുംബത്തിന്നകത്തുള്ള ബന്ധങ്ങൾ) തമ്മിൽ കാണാവുന്ന വ്യതിരക്തതയെയാണ്. ഈയൊരു ചെറിയ സമൂഹം ആത്മാർത്ഥതയും സ്വാതന്ത്ര്യബോധവും ഒന്നുചേർന്ന് ഘടനാപര ബന്ധങ്ങളെ അംഗീകരിക്കുന്നു. ഇവിടെയാണ് നവ മാനവികതയ്ക്ക്

രൂപംകൊടുക്കുവാൻ ഏറ്റവും അനുകൂലമായ ചുറ്റുപാടുകൾ. ഒരു സാമൂഹ്യ ഘടനയായും വ്യക്തിപരമായും ഇവ സാദ്ധ്യമാണ് എന്ന് മന സ്സിലാക്കാവുന്നതാണ്. അത്തരമൊരു സമൂഹം അതിന്റെ അംഗങ്ങൾക്ക് ഒരു വിദ്യാലയവും ഒരു പ്രവർത്തന മേഖലയും ഒരു ആരാധനാകേന്ദ്രവും ഒരു പഠന സ്ഥലവും ഒരു വിനോദ രംഗവും ഒക്കെ ആകേണ്ടതാണ്; ഇവയെല്ലാം ചേർന്നുള്ള സമതുലനാവസ്ഥ ഒരു പുത്തൻ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നു. ഇവയുടെ സംയുക്ത പ്രവർത്തനങ്ങൾ സമൂഹത്തിന് ആകമാനം പരിവർത്തനം വരുത്തുക തന്നെ ചെയ്യും. പുതിയ വേദ ശാസ്ത്രം രൂപപ്പെടുത്തുന്നതിനേക്കാൾ നമുക്ക് ആവശ്യമായിരിക്കുന്നത് ഇത്തരം ശുഷ്കാന്തിയുള്ള, പ്രതിബദ്ധതയുള്ള, സാമൂഹികബോധമുള്ള സമൂഹങ്ങൾ നമുക്കിടയിൽ രൂപപ്പെടുക എന്നതത്രെ.

4. സ്വാതന്ത്ര്യം

എന്റെ മനസ്സിനു വന്ന മാറ്റങ്ങളിൽ നാലാമത്തെ മേഖല മൂന്നാമത്തേ തിനോട് വളരെ ചേർന്നുപോകുന്നതാണ്. സ്വാതന്ത്ര്യത്തെക്കുറിച്ച് ഞാൻ ഒരു പുതിയ, ഒരു പക്ഷേ വളരെ പഴയതും ആകാം, തിരിച്ചറിവിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. അതിന്റെ സാക്ഷാത്തായ അർത്ഥത്തിൽ സ്വാതന്ത്ര്യം എന്നാൽ സ്വാഭാവികമായ സർഗ്ഗാത്മകതയാണ്; അതായത് ബാഹ്യമായ യാതൊരു സമ്മർദ്ദങ്ങളും സ്വാധീനിക്കാത്ത സർഗാത്മകത. അത് പുതിയ ഭാവത്തിൽ നന്മയെ ഉൾക്കൊള്ളുവാനുള്ള ആർജ്ജവവും തുടർന്ന് നന്മയെ പ്രസരിപ്പിക്കുവാനുള്ള കഴിവും ആണ്. സ്വാതന്ത്ര്യം എന്നു പറയുമ്പോൾ അത് ഒരുവന്റെ സ്വന്തം താൽപര്യത്താലും ഉദ്ദേശ്യത്താലും നിയന്ത്രിക്കപ്പെടേണ്ടതല്ല; തെറ്റായ വിലക്കുകളാലോ സങ്കീർണ്ണതകളാലോ തടസ്സപ്പെടേണ്ടതുമല്ല, സ്വാതന്ത്ര്യം മനുഷ്യന് നൽകപ്പെട്ടിരിക്കുന്ന ഒരു ഉത്തരവാദിത്തമാണ്, സൃഷ്ടിയുടെ ഭാഗം എന്ന നിലയ്ക്ക് സ്രഷ്ടാവോടു ചേർന്നു നിന്നുകൊണ്ട് സൃഷ്ടികൾക്ക് രൂപഭാവങ്ങൾ ഭേദപ്പെടുത്തുവാനും സൃഷ്ടികൾക്ക് നവംനവമായ അർത്ഥതലങ്ങൾ നൽകുവാനും നൽകപ്പെട്ടിരിക്കുന്ന ഉത്തരവാദിത്തം.

ഘടനാധിഷ്ഠിതമായ അവസ്ഥയിൽ സ്വാതന്ത്ര്യത്തെ മനസ്സിലാക്കു വാൻ തക്കവണ്ണമുള്ള ഒരു ഉൾവിളി എന്നിൽ രൂപംകൊണ്ടു എന്ന് തോന്നുന്നു. ക്ലോഡ് ലെവിസ്ട്രോസും, ജീൻ പോൾ സാർത്രെയും തമ്മി ലുണ്ടായ സംവാദത്തിൽ, അതായത് ഘടനാവാദവും അസ്തിത്വവാദവും തമ്മിൽ, ഭാഗം പിടിക്കുവാനൊന്നും ഞാൻ തയ്യാറല്ല. മറിച്ച്, സമൂഹം എന്ന നിലയിൽ ഒരു ലക്ഷ്യം തെരഞ്ഞെടുക്കുവാനോ ആ ലക്ഷ്യം നേടിയെടുക്കുവാനായി അധ്വാനിക്കുവാനോ ഉള്ള പ്രയത്നങ്ങളിൽ വ്യക്തിസ്വാതന്ത്ര്യം സമൂഹസ്വാതന്ത്ര്യത്തിൽ നിന്ന് ഐതര്യപ്പെടുന്നില്ലാ

യെന്നാണ് ഞാൻ കണ്ടത്. ചുരുക്കത്തിൽ, മാനവികതയാണ് സ്വതന്ത്രമാകേണ്ടത്. പൊതുവായ മനുഷ്യസമൂഹത്തിന്റെ ഭാഗം എന്ന നിലയിൽ ഏതൊരു സമൂഹത്തിനും ഉത്തേജനം പകരുന്നവയാണ് ഒരു ഗാന്ധിജിയോ, ഒരു സാർത്രെയോ ഒരു ജീൻ ജെന്നറ്റോ അല്ലെങ്കിൽ ഒരു സെന്റ് ഫ്രാൻസിസൊ ആർജ്ജിച്ച സ്വാതന്ത്ര്യത്തിന്റെ അനുഭവം. മനുഷ്യസമൂഹത്തിന്റെ സ്വാതന്ത്ര്യത്തെ കണക്കിലെടുക്കാതെ സ്വന്തം വ്യക്തിസ്വാതന്ത്ര്യത്തെ മുറുകെ പിടിച്ചിടത്താണ് സാർത്രെയ്ക്കും ജെനറ്റിനും വഴിതെറ്റിപ്പോയതെന്ന് നാം അറിയണം. സ്വാതന്ത്ര്യം നേടുവാനുള്ള വ്യക്തി തല ത്വര, തികച്ചും വ്യതിരക്തമായ ഒരു ചട്ടക്കൂടിലാണ് സംഭവിക്കുന്നത് എന്നു കൂടി നാം അറിയണം. എന്റെ അനന്യത ജനബഹുലതയുടെ മേൽ സ്ഥാപിക്കുവാൻ ഞാൻ ഉത്സാസിക്കുന്നുവെങ്കിൽ അത് തോൽവിയിൽ മാത്രമായിരിക്കും അവസാനിക്കുക. അതേസമയം ബഹുജനങ്ങൾക്കൊപ്പം നിന്നുകൊണ്ട് അവരുടെ സ്വാതന്ത്ര്യം ലക്ഷ്യമിടുന്നെങ്കിൽ, അവരുടെ സ്വാതന്ത്ര്യത്തിൽ, അതായത് കാര്യങ്ങൾ ഉൾക്കൊള്ളുവാനും തെരഞ്ഞെടുക്കുവാനും അങ്ങനെ നന്മയുടെ അനുഭവം സായത്തമാക്കുവാനും സാധിക്കുമെങ്കിൽ, ഞാൻ എന്റെ തന്നെ പൂർണമായ സംതൃപ്തി അനുഭവിക്കുകയായിരിക്കും. ഈയൊരു പശ്ചാത്തലത്തിൽ വേണം അസ്തിത്വവാദത്തിന്റെയും ഘടനാ വാദത്തിന്റെയും പാരമ്യതയിൽ രൂപംകൊള്ളുന്ന വേദശാസ്ത്രത്തെയും തത്വചിന്തയെയും ഏതാണ്ട് പൂർണ്ണമായിത്തന്നെ ഞാൻ നിരാകരിച്ചതിനെ മനസ്സിലാക്കേണ്ടത്.

5. ക്രൈസ്തവ ദൗത്യം, അതിന്റെ വൈവിധ്യങ്ങൾ

കാതലായ എന്റെ മനംമാറ്റത്തിന്റെ അഞ്ചാമത്തെ മേഖല ക്രൈസ്തവ ദൗത്യത്തെക്കുറിച്ചും അതിലെ വൈവിധ്യങ്ങളെക്കുറിച്ചും എനിക്കുണ്ടായ തിരിച്ചറിവുകളാണ്. ദീർഘനാളുകളായി എനിക്കുണ്ടായിരുന്ന ഒരു സംശയം ആധുനികകാല കത്തോലിക്കാ മിഷൻ പ്രവർത്തനങ്ങൾ പാശ്ചാത്യരുടെ സാംസ്കാരിക സാമ്പത്തിക ആക്രമണോത്സുകതയുടെ പ്രകടനഭാവങ്ങളായിരുന്നില്ലേ എന്നതായിരുന്നു. ചെറിയതോതിൽ ആക്രമണോത്സുകത ക്രൈസ്തവ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നുവെന്നത് ഞാൻ മറച്ചു വെക്കുന്നില്ല. അതെന്തായാലും ശരി കഴിഞ്ഞ പത്ത് വർഷക്കാലമായി ഈദൃശ മിഷൻ പ്രവർത്തനങ്ങൾ അകത്തു നിന്നുകൊണ്ട് നേരിട്ട് മന സ്സിലാക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഇതിൽ നിന്നു തന്നെയാണ് പാശ്ചാത്യ സഭകളുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് എന്റെ നിഷേധാത്മകത അതിന്റെ പാരമ്യദശയിൽ എത്തിച്ചേർന്നത്. പാശ്ചാത്യ

മിഷന്റെ ഏറ്റവും വലിയ തെറ്റ് സാംസ്ക്കാരിക ആക്രമണോത്സുകതയേക്കാൾ ഉപരിയായി അവരുടെ അധിനിവേശ മിഷനറി സ്വഭാവമായിരുന്നു. 1500-നു ശേഷം സംഭവിച്ച പാശ്ചാത്യരാജ്യങ്ങളുടെ ദ്രുതവികസനം മുൻകാലങ്ങളിലൊന്നും സംഭവിച്ചിട്ടില്ലാത്തവിധം മിഷനറി പ്രവർത്തനങ്ങൾ സ്ഥാപനവൽക്കരിക്കപ്പെടുവാൻ ഇടയാക്കി. മുൻ ശതകങ്ങളിലാകട്ടെ, ഒരു മിഷണറി അഥവാ സുവിശേഷകൻ മറ്റൊരു രാജ്യം സന്ദർശിക്കുകയും അവിടെ സുവിശേഷം അറിയിച്ചു സഭ സ്ഥാപിക്കുകയും പലപ്പോഴും അവിടെത്തന്നെ മരണം വരിക്കുകയും ആയിരുന്നു പതിവ്. രണ്ടാം തലമുറയിൽ പെട്ട ഒരു സുവിശേഷകൻ വീണ്ടും അവിടേക്ക് ചെല്ലേണ്ട ആവശ്യം ഉണ്ടാകാറില്ല; ഒരു പക്ഷേ ഒരു മെത്രാനോ മല്പാനോ ആ പ്രദേശം സന്ദർശിച്ചേക്കാം എന്ന് മാത്രം.

അതേസമയം ഒന്നിനുപുറകെ ഒന്നായി മിഷനറിമാർ അതേ പ്രദേശങ്ങളിലേക്കു തന്നെ പൊയ്ക്കൊണ്ടേയിരിക്കണമെന്നും അവർ സംഘടിതരായിരിക്കണമെന്നും അവരുടെ ജീവിത സൗകര്യങ്ങൾ ആരോഗ്യപരിപാലനം, വാഹന സൗകര്യങ്ങൾ, താമസസൗകര്യങ്ങൾ എന്നിങ്ങനെയുള്ള സുഖലോലുപതകൾക്ക് മുൻഗണനയുണ്ടാകണമെന്നും വന്നപ്പോൾ മിഷൻ പ്രവർത്തനങ്ങളുടെ അർത്ഥതലങ്ങൾ നശിച്ചു. ഇന്ന് മിഷൻ പ്രവർത്തനങ്ങളുടെ രീതിശാസ്ത്രം സാമ്പത്തിക സാമ്രാജ്യത്വ മനോഭാവത്തോടും നവ അധിനിവേശ പ്രകൃതത്തോടും ചേർന്നു പോകുന്നു എന്നതാണ് വാസ്തവം. ദുരിതാശ്വാസ ഏജൻസികളും മിഷൻ ബോർഡുകളും പുതിയ സഭകളെ അധീനതയിൽ കൊണ്ടുവരുന്നത് സാമ്പത്തിക പിൻബലത്തിന്റെ അടിസ്ഥാനത്തിൽ കൂടിയാണ്. പുതിയ സഭകളുടെ കെട്ടുറപ്പിന്റെ പിൻബലം വിദേശ ധനസഹായവും വൈദേശിക ബൗദ്ധികതയും വിദേശ മിഷനറിമാരും ആയിരിക്കുന്നുവെന്നത് അവയുടെ സ്വാഭാവിക വളർച്ചയ്ക്കാണ് തടസ്സം സൃഷ്ടിക്കുന്നത്.

ഈയൊരു പ്രവർത്തനശൈലിയോട് എനിക്കുണ്ടായ അവമതി എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ പോലും സംശയദൃഷ്ട്യാ കാണുവാൻ എന്നെ പ്രേരിപ്പിച്ചു. സഭാ സംബന്ധമായ മേഖലകളിൽ തങ്ങളുടെ നവ അധിനിവേശ മേൽക്കോയ്മ കൊണ്ടും പാശ്ചാത്യ സാംസ്കാരികതയുടെ സാമ്രാജ്യത്വ പ്രകൃതം കൊണ്ടും കത്തോലിക്കാ - നവീകരണ സഭകൾ പരസ്പരം സഹകരിക്കുന്നുവെന്നു പോലും തോന്നിപ്പോകുകയാണ്. ഈയൊരു പശ്ചാത്തലത്തിൽ ഞാൻ പറയുന്നത് ഇങ്ങനെ: “സഭയുടെ മിഷൻ എന്ന

ദൗത്യമാണ് സുവിശേഷത്തിന്റെ ഏറ്റവും വലിയ ശത്രു." ഇത് ഒരു 15 വർഷമായി ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാര്യം തന്നെയാണ്, മയപ്പെട്ട ശബ്ദത്തിലായിരുന്നുവെന്ന് മാത്രം. എന്നാൽ യാതൊരുവിധ ക്രിയാത്മക പ്രതികരണവും ആരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഈ വിഷയത്തിൽ കുറച്ചുകൂടി പരുക്കനും കർക്കശക്കാരനും ആകുവാൻ തന്നെയാണ് ഇപ്പോൾ എന്റെ തീരുമാനം. എങ്കിലും പാശ്ചാത്യ സഭകളോ അവരെ ആശ്രയിച്ചു കഴിയുന്ന പാശ്ചാത്യേതര സഭകളോ ഈ കാര്യങ്ങൾ ശരിയായി മനസ്സിലാക്കുമെന്ന് എനിക്ക് പറയത്തക്ക പ്രതീക്ഷയൊന്നും ഇല്ല. കാരണം ഇത് മനസ്സിലാക്കണമെങ്കിൽ, പാശ്ചാത്യ സഭകളിലും മറ്റു സഭകളിലും കാതലായ മാറ്റങ്ങൾ ഉണ്ടാകുക തന്നെ വേണം.

6. കൗദാശികതയും സമൂഹവും

കഴിഞ്ഞ 10 വർഷക്കാലം കൊണ്ട് എന്റെ മനസ്സിനു വന്നു ഭവിച്ച മാറ്റങ്ങളുടെ ആറാമത്തെ മേഖല കൗദാശികതയും സമൂഹവും തമ്മിലുണ്ടാകേണ്ട ബന്ധത്തെക്കുറിച്ചാണ്. ഇന്ന് എനിക്ക് സ്വീകാര്യമായിരിക്കുന്നത് കൗദാശിക-സഭാ സംബന്ധ സാമൂഹിക ധാർമ്മികത മാത്രമാണ്. ക്രൈസ്തവ സാമൂഹിക ധാർമ്മികതയെന്നൊക്കെ അവകാശപ്പെട്ടുകൊണ്ട് എക്യുമെനിക്കൽ സമ്മേളനങ്ങളിൽ നിന്ന് പുറത്തുവരുന്ന സംഗതികൾ എന്നെ അതിയായി മുഷിപ്പിക്കുകയാണ്. എനിക്ക് സഭയോടു ചേർത്തുവച്ചു മാത്രമേ മനുഷ്യ സമൂഹത്തെ മനസ്സിലാക്കുവാൻ സാധിക്കൂ. വിശുദ്ധന്മാരുമായുള്ള കൂട്ടായ്മയുടെ തിരിച്ചറിവിലൂടെയാണ് സാമൂഹ്യ നീതിയെക്കുറിച്ചുള്ള ആശയങ്ങൾ എന്നിൽ രൂപപ്പെടുന്നത്. ഈ ലോകത്ത് സഭയുടെ ശുശ്രൂഷയെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നത് കൗദാശിക തത്വങ്ങളുടെയും കൗദാശിക ശുശ്രൂഷകളുടെയും അന്തഃസത്ത പുതിയ ഭാവത്തിൽ തിരിച്ചറിഞ്ഞുകൊണ്ടാണ്. ഒരു പുസ്തകത്തിന്റെ ദൈർഘ്യം ഉണ്ടാകാവുന്ന ഈദൃശ ആശയങ്ങൾ ഇവിടെ ഫലപ്രദമായി അവതരിപ്പിക്കുവാൻ പ്രയാസമാണു താനും.

7. മനുഷ്യന്റെ പ്രകൃതവും വിധിയും

അവസാനമായി എനിക്ക് മനംമാറ്റം സംഭവിച്ചത് മനുഷ്യന്റെ പ്രകൃതവും അവന്റെ വിധിയും തമ്മിലുള്ള ബന്ധത്തോടു ചേർന്നാണ്. ഇപ്പോൾ ഞാൻ ഉറച്ചു വിശ്വസിക്കുന്നത് എല്ലാ കാര്യങ്ങളിലും മനുഷ്യന്റെ നിർണയം ദൈവ സമാനമായിരിക്കും എന്നു തന്നെയാണ്; അല്ലെങ്കിൽ മനുഷ്യന്റെ പ്രകൃതം നിർജ്ജീവമായിരിക്കണം. അതായത്

ദൈവം ആയിരിക്കുന്നത് ദൈവത്തിൽ നിന്നു തന്നെയാണ്, മനുഷ്യൻ ആയിരിക്കുന്നത് എപ്പോഴും ദൈവത്തിൽ നിന്നുമാണെന്നു കൂടി നാം മനസ്സിലാക്കണം. എങ്കിലും സ്നേഹത്തിലും ജ്ഞാനത്തിലും ശക്തി യിലും മാത്രമല്ല വിശുദ്ധിയിലും (വിശുദ്ധി ഈ മൂന്നിന്റെയും സംയു ക്തതയേക്കാൾ ഉപരിയിലാണ്) മനുഷ്യൻ ദൈവത്തെപ്പോലെ ആകേ ണ്ടിയിരിക്കുന്നു. അതുമാത്രമാണ് മനുഷ്യന്റെ ഭൂമിയിലെയും അതിന്നും അപ്പുറത്തേക്കുമുള്ള നിയോഗത്തെക്കുറിച്ച് മനസ്സിലാക്കുവാൻ തക്ക വണ്ണം ഒരു തിരിച്ചറിവ് എന്നിൽ രൂപപ്പെടുത്തുന്നത്. ഈ ആശയവും ഒരു ഗ്രന്ഥത്തോളം ദൈർഘ്യത്തിൽ വിശദീകരിക്കേണ്ടത് തന്നെ.

ഒരു പ്രബോധകനോ പണ്ഡിതനോ അല്ലെങ്കിൽ തന്നെയും ഒരു വ്യക്തിക്ക്, ദൈവം ക്രിസ്തുവിൽ ചെയ്തതിന്റെ അനന്തരഫലങ്ങൾ മനുഷ്യനിലും ബാധകമാകുന്നതായി മനസ്സിലാക്കാവുന്നതേയുള്ളു. റോമൻ കത്തോലിക്കാ പദാവലി ഉപയോഗിക്കുകയാണെങ്കിൽ, ക്രൈസ്തവരും അക്രൈസ്തവരും മർത്ത്യീകരണത്തിൽ നിന്ന് പ്രസരി ക്കുന്ന അമാനുഷിക കൃപയുടെ അനുഭവത്തിലാണ്. യേശുക്രിസ്തു വിന്റെ മരണവും ഉയിർപ്പും ലോകചരിത്രത്തിന്റെ ഗതിയേയും മനുഷ്യസമൂഹത്തിന്റെ വിധിയെയും മാറ്റിമറിച്ചു. രക്ഷാസിദ്ധാന്തത്തെ ഉയർത്തിപ്പിടിക്കുന്ന ഭൗതിക ആശയങ്ങളും വാദങ്ങളും എല്ലാംതന്നെ ഇന്ന് പ്രചാരത്തിൽ ആയിരിക്കുന്നത് ക്രിസ്തു സംഭവത്തിൽ നിന്നും യഹൂദ-ക്രൈസ്തവ പാരമ്പര്യത്തിൽ നിന്നും ഉദ്ഭൂതമായവ തന്നെ യാണ്.

മനുഷ്യൻ ബാബേലിൽ ഒരു ഗോപുരം പണിയുവാൻ ഉദ്യമിച്ചപ്പോൾ ദൈവം നേരിട്ട് അത് തടസ്സപ്പെടുത്തുകയും അതിന് ഉത്സാഹിച്ച മനുഷ്യരെ ശാസിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇഷ്ടംപോലെ ബാബേൽ ഗോപുരങ്ങൾ പണിയുവാൻ ഇന്ന് ദൈവം മനുഷ്യനെ അനു വദിച്ചിരിക്കുകയാണ്; അതായത് ദൈവനിഷേധത്തിന്റെ പാരമ്യത്തി ലേക്കു കടന്നുചെന്ന് ദിവ്യതയെ തള്ളിപ്പറയുവാനും ദൈവസാന്നിധ്യം ഗണിക്കപ്പെടാത്ത പട്ടണങ്ങൾ രൂപപ്പെടുത്തുവാനും. ചുരുക്കത്തിൽ, മനുഷ്യൻ ദുരന്തത്തിന്റെ അങ്ങേയറ്റം വരെ എത്തിപ്പെടുകയാണ്. എന്നിട്ടും ദൈവം അവന് ഒരു പിടിവള്ളി കൊടുത്തിരിക്കുന്നു; സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യുമ്പോഴും അവന് മുമ്പോട്ടു പോകു വാൻ സാധിക്കുന്നു. ദൈവം ഇത് അനുവദിച്ചുകൊണ്ടിരിക്കുമോ? അനു വദിച്ചേക്കാം. ദുരന്തം നമുക്ക് മനസിലാക്കാവുന്നതേയുള്ളു. ക്രിസ്തു വിന്റെ ഉയിർപ്പ് പോലും ദുരന്തങ്ങളിൽ നിന്ന് നമുക്ക് സംരക്ഷണമൊന്നും ഉറപ്പാക്കുന്നില്ല. ഇതേ കർത്താവ് തന്നെയാണ് തന്റെ ഉയിർത്തെഴു

ന്നേൽപ്പും സൃഷ്ടികൾ അനുഭവിക്കാനുള്ള നിന്ദയും നാശവും പ്രവചിച്ചത്. തന്നെയുമല്ല, മനുഷ്യസമൂഹത്തിന് ചരിത്രത്തിന്റെ നാൾവഴികളിൽ വേണ്ടുന്നവയെല്ലാം കൃത്യമായി നടത്തപ്പെടുമെന്ന പ്രത്യാശ അത്ര വലിയ അടിസ്ഥാനമൊന്നും ആകുന്നുമില്ല.

ചുരുക്കിപ്പറഞ്ഞാൽ നാഗരിക സാങ്കേതിക പറുദീസാ പോലുള്ള നിർമ്മാണങ്ങളെപ്പറ്റിയുള്ള ഉദാരമായ പ്രത്യാശയ്ക്കൊന്നും യാതൊരു അടിസ്ഥാനവും ഇല്ല. ഒരുകാലത്ത് ഞാൻ വിചാരിച്ചിരുന്നത് ദൈവരാജ്യത്തേക്കുള്ള പ്രയാണവും നാഗരിക സാങ്കേതിക സമൂഹത്തിലേക്കുള്ള പ്രയാണവും എവിടെയെങ്കിലും വെച്ച് സംയോജിതമാകുമെന്നായിരുന്നു. ഇന്ന് എന്റെ ആശയങ്ങൾ വ്യത്യസ്തമാണ്. ഉപഭോഗ സമ്മർദ്ദത്താൽ തങ്ങളുടെ അഹംബോധത്തിന് മങ്ങൽ ഏറ്റ ധനാഢ്യ സമൂഹമാകട്ടെ, സമൂഹത്തിലെ അച്ചടക്ക സമ്പ്രദായങ്ങളിൽ അടിച്ചമർത്തപ്പെടുന്ന വിഭാഗം തങ്ങളിൽ രൂപപ്പെടുത്തുന്ന സർഗ്ഗാത്മകതയാകട്ടെ, നമുക്ക് പറുദീസയിലേക്കുള്ള മാർഗം കാണിച്ചു തരുന്നവയല്ല. മനുഷ്യ സമൂഹത്തെ ആകമാനം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് ഐതര്യവും ആണവ നശീകരണവും ആണെന്നത് ഓർത്തിരിക്കണം.

ദൈവരാജ്യ പാതയിലേക്ക് നമ്മെ നയിക്കുവാൻ ഉപയുക്തമായ രണ്ട് പാതകളാണ് നിരായുധീകരണവും സമവായവും എന്ന് ഈ ദിവസങ്ങളിൽ എനിക്ക് ശക്തമായ തോന്നൽ ഉളവായിരിക്കുന്നു. ശാസ്ത്രത്തിനും സാങ്കേതിക വിദ്യകൾക്കും അവയുടേതായ ചാലകശക്തി ഉള്ളതിനാൽ സഭയുടെ സഹായമൊന്നും കൂടാതെ തന്നെ അവ മുമ്പോട്ട് പൊയ്ക്കൊള്ളും.

നിരായുധീകരണവും സമവായവും സമഗ്രതയോടെ എന്റെ മനസ്സിൽ സമ്മിളിതമായിരിക്കുകയാണ്. എന്നാൽ അതിന്റെ നാല് തലങ്ങളിലും ഐതര്യം (alienation) കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. നാഗരിക സാങ്കേതിക വിദഗ്ദ്ധർക്ക് ദൈവവുമായുള്ള വിടവ് നികത്തപ്പെടേണ്ടതാണ്; ഒരു തടങ്കലിൽ എന്നവണ്ണം മനുഷ്യനെ ബന്ധനത്തിൽ ആക്കിയിരിക്കുന്ന സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ഘടനകൾക്കുമേൽ മനുഷ്യന്റെ നിയന്ത്രണം പുനഃസ്ഥാപിക്കേണ്ടതാണ്; രാഷ്ട്രങ്ങളും സമൂഹങ്ങളും വ്യക്തികളും പരസ്പരം വിശ്വസിക്കുവാനും പരസ്പരം കരുതൽ ഉള്ളവരാകുവാനും പഠിക്കേണ്ടതാണ്; പ്രവർത്തനങ്ങളുടെ ബഹളങ്ങളിൽ അല്ല, മൗനത്തിന്റെ ആഴത്തിൽ മനുഷ്യൻ അവനെ കണ്ടെത്തേണ്ടതാണ്. ഇപ്പറഞ്ഞ നാല് കാര്യങ്ങളും ഒരുമിച്ച് ഞാൻ വിളിക്കുന്നത് 'അനൈതര്യം' (disalienation) എന്നു തന്നെ.

ഇപ്പറഞ്ഞവയിൽ മൂന്നാമത്തെ മേഖലയിൽ നിന്നാണ് ആരംഭം കുറിക്കേണ്ടത്. അതായത് രാഷ്ട്രങ്ങളും സമൂഹങ്ങളും അനൈതര്യാവസ്ഥയിൽ ആയിത്തീരുക. ഇവിടെ നിരായുധീകരണം ഒരു സാക്ഷാത്തായ പരിപാടിയായി, പദ്ധതിയായിത്തന്നെ കാണണം. കേന്ദ്രീകൃതവും വ്യാപകമായി നിയന്ത്രണവിധേയവും ആയ അധികാരം സമൂഹങ്ങൾ തമ്മിലുള്ള സ്പർദ്ധ ഒഴിവാക്കും; ആയുധങ്ങൾ നിർമ്മിക്കുവാൻ ഉപയോഗിക്കുന്ന വിഭവങ്ങൾ ശാസ്ത്രം, വിദ്യാഭ്യാസം, ദാരിദ്ര്യ നിർമ്മാർജ്ജനം, മാനുഷിക സർഗ്ഗാത്മകതയുടെ പരിപോഷണം മുതലായ മേഖലകളിലേക്ക് തിരിച്ചുവിടണം. ദൈവത്തിലേക്ക് വഴി വീണ്ടെടുക്കണമെങ്കിൽ, നമ്മുടെ തന്നെ സത്ത വീണ്ടെടുക്കണമെങ്കിൽ ഒരുമനപ്പെട്ട മാനവികത രൂപപ്പെടുത്തുക തന്നെ വേണം. വിപ്ലവാത്മകമായ രീതിശാസ്ത്രങ്ങൾക്കും ആഗോള തന്ത്രങ്ങൾക്കും അപ്പുറത്തുള്ള പദ്ധതികളിൽ കൂടി മാത്രമേ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ഘടകങ്ങൾക്കു മേൽ നിയന്ത്രണം പുനഃസ്ഥാപിക്കുവാൻ നമുക്ക് സാദ്ധ്യമാകൂ. അനൈതര്യം സാക്ഷാത്കരിക്കപ്പെടണമെങ്കിൽ അദ്ധ്വാനിക്കുവാനും ഒരു ലക്ഷ്യം നേടിയെടുക്കുന്നതിൽ വേണ്ടിവന്നാൽ മരണം വരിക്കുവാനും സന്നദ്ധരായ ഒരു പറ്റം പുരുഷന്മാരെയും സ്ത്രീകളെയും വിന്യസിക്കേണ്ടതായി വന്നു കൂടും. സെമിറ്റിക് ക്രൈസ്തവികതയെപ്പറ്റി ആഴത്തിലുള്ള തിരിച്ചറിവു കൊണ്ടു മാത്രമേ ഇത്തരം ഒരു പ്രസ്ഥാനത്തിന് ആവശ്യമായ ആത്മീയ ചാലകശക്തി നേടിയെടുക്കുവാൻ സാധിക്കൂ.

ഇവിടെ ഇത് എഴുതുമ്പോൾ വിശദമായോ അല്ലാതെയോ കൃത്യതയോടെയുള്ള അടുക്കും ചിട്ടയും രൂപപ്പെടുത്തുവാൻ ഞാൻ ശ്രദ്ധിച്ചിട്ടേയില്ല; മനസ്സ് മാറിക്കൊണ്ടിരിക്കുകയാണ്, അതെ ഇപ്പോഴും മാറുന്നു.

(വിവർത്തനം: ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ)